# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാവക്കാട് നഗരസഭ - ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം - മിച്ചഭൂമിയായി പതിച്ച് നൽകിയിട്ടുള്ള മണത്തല വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3716/2008/ത.സ്വ.ഭ.വ.     തീയതി, തിരുവനന്തപുരം, ഒക്ടോബർ 22, 2008.

---

പരാമർശം: 1. ചാവക്കാട് നഗരസഭാ സെക്രട്ടറിയുടെ 29-03-2008-ലെ എച്ച് - 4255/97 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 21-06-2008-ലെ ജി.3- 6315/08 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയിൽ ഖരമാലിന്യ സംസ്കരണത്തിനായി 70 സെന്റ് ഭൂമി മാത്രമാണ് സ്വന്തമായിട്ടുള്ളത് എന്നതിനാൽ നിലവിലുള്ള ട്രഞ്ചിംഗ് യാർഡ് വികസിപ്പിച്ച് ഖരമാലിന്യ സംസ്കരണ യൂണിറ്റ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലം സാധുക്കൾക്ക് മിച്ചഭൂമിയായി പതിച്ചു നൽകിയിട്ടുള്ള മണത്തല വില്ലേജിലെ 273/3, 273/2 ബി, 273/1 ബി, 273/2 എ, 273/1 എ, 269/1 എ, 2 ബി, 269/1ബി (4), 273/1, 1 ബി, 269/65 (2) എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമി ആണെന്നതിനാൽ ടി ആളുകളെ പുനരധിവസിപ്പിച്ച് പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന് അനുമതി നൽകണമെന്നും ചാവക്കാട് നഗരസഭാ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. ടി സ്ഥലത്ത് താമസിക്കുന്ന ആളുകൾക്ക് താമസിക്കുന്നതിന് വിനിയോഗ്യമായ സ്ഥലം കണ്ടെത്തി ആയത് വാങ്ങിനല്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. ചാവക്കാട് നഗരസഭാ സെക്രട്ടറിയുടെ പരാമർശം (1)-ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (2)-ലെ ശുപാർശയുടേയും

(മറുപുറം)

അടിസ്ഥാനത്തിൽ, നിലവിലുള്ള ട്രഞ്ചിംഗ് യാർഡ് വികസിപ്പിച്ച് ഖരമാലിന്യ സംസ്കരണ യൂണിറ്റ് ആവിഷ്കരിക്കുന്നതിനായി മണത്തല വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമി അതിലെ താമസക്കാരെ പുനരധിവസിപ്പിച്ച് ഏറ്റെടുക്കുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ചാവക്കാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.മധുസൂദനൻ പിള്ള,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, ചാവക്കാട് നഗരസഭ, തൃശ്ശൂർ ജില്ല.

ജില്ലാ കളക്ടർ, തൃശ്ശൂർ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

~~പ്രിൻസിപ്പൽ~~ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radha

സെക്ഷൻ ഓഫീസർ.